<u>പതിമൂന്നാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത</u>
<u>ചോദ്യം നംപർ. 2052</u>

<u>19.06.2012 -ൽ</u>
<u>മറുപടിയ്ക്ക്</u>

## <u>ഇ.എം.എസ്. സ്മാരക മാറ്റ് & മാറ്റിംഗ്സ് സൊസൈറ്റി</u>

<u>ചോദ്യം</u>

ശ്രീ. കെ. ദാസൻ

<u>ഉത്തരം</u>

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
( സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഇ.എം.എസ്. സ്മാരക മാറ്റ് & മാറ്റിംഗ്സ് സൊസൈറ്റി ഇപ്പോൾ പ്രവർത്തിക്കുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; ഇത് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരി ക്കുമോ; | (എ) | ഇല്ല.<br><br>ഇ.എം.എസ് സ്മാരക മാറ്റ് & മാറ്റിംഗ്സ് സൊസൈറ്റി സംഘം രജിസ്റ്റർ ചെയ്യപ്പെട്ടുവെങ്കിലും സൗകര്യപ്രദമായ സ്ഥലത്തിന്റെ അപര്യാപ്തതയും പ്രൊമോട്ടിംഗ് കമ്മിറ്റിയുടെ താല്പര്യക്കുറവും മൂലം സംഘം പ്രവർത്തനം ആരംഭിക്കാനായിട്ടില്ല. സംഘത്തിന്റെ പുനരുദ്ധാരണ സാദ്ധ്യതകളും സമാപ്തീകരണ ബാദ്ധ്യതകളും കണ്ടെത്തുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കയർ-കൈത്തറി സംഘങ്ങൾ ഏതെല്ലാമെന്നും, എവിടെയെല്ലാം എന്നും വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് കയർ പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന 3 കയർ സർക്കിളുകളുടെ കീഴിലായി 15 കയർ സഹകരണ സംഘങ്ങൾ കൊയിലാണ്ടി |

മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കോഴിക്കോട് നോർത്ത് സർക്കിളിൽ ഉൾപ്പെട്ട വെങ്ങളം, ചീനച്ചേരി കാപ്പാട്, സഹകരണ സംഘങ്ങളും വടകര സർക്കിളിൽ ഉൾപ്പെട്ട ഇരിങ്ങൽ, കോട്ടക്കൽ, മൂരാട്, മേലടി. കൊയിലാണ്ടി സർക്കിളിൽ ഉൾപ്പെട്ട തുവ്വക്കോട്, മയിലാടും പാറ, ഇടക്കുളം, ചേലിയ, കുറുവങ്ങാട്, അരിക്കുളം, മുച്ചുകുന്ന്, മേലൂർ, ചേമഞ്ചേരി എന്നീ കയർ സഹകരണ സംഘങ്ങളാണ് കൊയിലാണ്ടി മണ്ഡലത്തിൽ പ്രവർത്തിക്കുന്നത്.

പുതുപ്പണം വീവേഴ്സ് ഇരിങ്ങൽ, മഹാത്മാഗാന്ധി വീവേഴ്സ് കുറുവങ്ങാട്, തിക്കോടി വീവേഴ്സ് പയ്യോളി, പന്തലായനി വീവേഴ്സ് കോഴിക്കോട് എന്നിങ്ങനെ 4 കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കൈത്തറി സംഘങ്ങൾ.

| | | | |
|---|---|---|---|
| (സി) | വീവേഴ്സ് സൊസൈറ്റികളെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ? | (സി) | വീവേഴ്സ് സൊസൈറ്റികളെ സംരക്ഷിക്കുന്നതിന് കൈത്തറി മേഖലയിലെ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.<br>2. വിപണന [illegible] പ്രോത്സാഹനം<br>3. തൊഴിലാളികൾക്ക് പരിശീലനവും വൈദഗ്ധ്യ വികസന പരിപാടിയും<br>4. അംശദാന മിതവ്യയ സമ്പാദ്യ പദ്ധതി.<br>5. ആധുനികവൽക്കരണവും |

മൂല്യവർദ്ധിത ഉല്പന്ന പ്രോത്സാഹനവും.

6. സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ
7. പുനരുദ്ധാരണവും ശക്തിപ്പെടുത്തലും.
8. പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവൽക്കരണവും തറികളുടെ അനുബന്ധ സാമഗ്രികൾ മാറ്റുന്നതിനുള്ള ഗ്രാന്റും.
9. കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചാരണം.
10. കൈത്തറി മാർക്ക് സ്കീം-ക്വാളിറ്റി കൺസെപ്റ്റിന്റെ പ്രചരണത്തിനുള്ള സഹായ പദ്ധതി.
11. കേന്ദ്രഗവൺമെന്റിന്റെ സമഗ്ര കൈത്തറി വികസന പദ്ധതി (ഐ.എച്ച്.ഡി.എസ്.) അനുസരിച്ചുള്ള ക്ലസ്റ്റർ വികസന പരിപാടി.
12. വിപണന പ്രോത്സാഹനം.
13. സഹകരണ സംഘങ്ങൾക്കുള്ള പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ്.
14. മഹാത്മാഗാന്ധി ബുങ്കാർ ബീമാ യോജന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.
15. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.
16. അസംസ്കൃത വസ്തുക്കൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്ന പദ്ധതി.
17. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി.

സെക്ഷൻ ഓഫീസർ